# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം – ജീവനക്കാര്യം – കോട്ടയം ജില്ലാ ജയിലിലെ വെൽഫെയർ ഓഫീസർ ശ്രീ. ജോർജ്ജ് ചാക്കോയെ ആഴ്ചയിൽ രണ്ടുദിവസം തൃക്കാക്കര ബോർസ്റ്റൽ സ്കൂളിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : തൃക്കാക്കര ബോർസ്റ്റൽ സ്കൂൾ സൂപ്രണ്ടിന്റെ 18.03.2023 തീയതിയിലെ E-30/2023/BST നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ. E1-9826/2023/PrHQ; തീയതി : 29-05-2023</u>**

തൃക്കാക്കര ബോർസ്റ്റൽ സ്കൂളിലെ അന്തേവാസികൾക്ക് കൗൺസിലിംഗ് അത്യന്താപേക്ഷിതമായതിനാലും ടി സ്ഥാപനത്തിൽ വെൽഫെയർ ഓഫീസർ തസ്തിക നിലവിലില്ലാത്തതിനാലും കോട്ടയം ജില്ലാ ജയിലിലെ വെൽഫെയർ ഓഫീസർ ശ്രീ. ജോർജ്ജ് ചാക്കോയെ ആഴ്ചയിൽ രണ്ടുദിവസം ജോലി ക്രമീകരണ വ്യവസ്ഥയിൽ തൃക്കാക്കര ബോർസ്റ്റൽ സ്കൂളിൽ നിയമിക്കണമെന്നാവശ്യപ്പെട്ട് പരാമർശം പ്രകാരം സൂപ്രണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

ടി അപേക്ഷ പരിഗണിച്ച് കോട്ടയം ജില്ലാ ജയിലിലെ വെൽഫെയർ ഓഫീസർ ശ്രീ. ജോർജ്ജ് ചാക്കോയെ ആഴ്ചയിൽ രണ്ടുദിവസം തൃക്കാക്കര ബോർസ്റ്റൽ സ്കൂളിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. ജോലി ക്രമീകരണവ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് ടിയാന് ടിഎ/ഡിഎയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ് : ശ്രീ. ജോർജ്ജ് ചാക്കോ,
വെൽഫെയർ ഓഫീസർ ഗ്രേഡ് 1,
ജില്ലാ ജയിൽ, കോട്ടയം. (സൂപ്രണ്ട് മുഖാന്തിരം)

പകർപ്പ് : 1. ഡിഐജി ഓഫ് പ്രിസൺസ്,
മദ്ധ്യ മേഖല, വിയ്യൂർ.
2. സൂപ്രണ്ട്
ജില്ലാ ജയിൽ, കോട്ടയം.

3.ബോർസ്റ്റൽ സ്കൂൾ, തൃക്കാക്കര.